# കേരള സർവകലാശാല
## തിരുവനന്തപുരം- 34

അസിസ്റ്റന്റ് എഞ്ചിനീയരുടെ കാര്യാലയം
തിരുവനന്തപുരം
20/01/2018

## ലേലപരസ്യം

കേരള സർവകലാശാല ലൈബ്രറി പുനരുദ്ധാരണത്തോടനുബന്ധിച് നീക്കം ചെയ്തതും ലൈബ്രറി കെട്ടിടത്തിൽ സൂക്ഷിച്ചിട്ടുള്ളതുമായ താഴെ വിവരിക്കുന്ന സാധന സാമഗ്രികള് വിലയ്ക്കെടുത്ത് നീക്കം ചെയ്യുന്നതിന് വേണ്ടി ഒരു പരസ്യ ലേലം 2018 ജനുവരി 31 ബുധനാഴ്ച്ച രാവിലെ 11 ന് ലൈബ്രറി പരിസരത്തു വച്ച് നടത്തുന്നതാണ്.

*സാധന സാമഗ്രികളുടെ വിവരം*

| നമ്പർ | ഇനം | ഉദേശ അളവ് |
|---|---|---|
| 1 | പഴയ തടി ഉരുപ്പടികള് | 2.18 കു:.മി |
| 2 | പഴയ തടി ഫ്രെയിമുകൾ (വിറക് ആവശ്യത്തിനുള്ളത്) | 250 കി.ഗ്രാം |
| 3 | പഴയ കൊളാപ്സിബിൾ ഷട്ടർ | 100 കി.ഗ്രാം |
| 4 | പഴയ GI റൂഫിംഗ് ഷീറ്റുകൾ | 40 എണ്ണം |

ലേലത്തിൽ പങ്കെടുക്കാൻ താൽപര്യംഉള്ളവർ അന്നേ ദിവസം രാവിലെ 11 ന് തിരിച്ചറിയൽ രേഖയും (പകർപ്പ് സഹിതം) അസിസ്റ്റന്റ് എഞ്ചിനീയർ, ഹെഡ്ക്വാർട്ടേർസ് സെക്ഷൻ, തിരുവനന്തപുരം എന്ന പേരിൽ ഏതെങ്കിലും അംഗീകൃത ബാങ്കിൽ നിന്നും എടുത്ത **2500** രൂപയുടെ ഡിമാൻഡ് ഡിമാൻഡ് ഡ്രാഫ്റ്റ് സഹിതം ഹാജരാകേണ്ടതും ലേല നടപടികളിൽ പങ്ക് കൊള്ളേണ്ടതുമാണ്. ടി സാധനം വിലയ്ക്കെടുത്ത് നീക്കം ചെയ്യുന്നതിന് ക്വട്ടേഷൻ സമർപ്പിക്കാനാഗ്രഹിക്കുന്നവര് വെള്ള പേപ്പറിൽ തയ്യാറാക്കിയ ക്വട്ടേഷനുകളോടൊപ്പം തിരിച്ചറിയൽ രേഖയുടെ പകർപ്പും മേൽ സൂചിപ്പിച്ച **2500/-** രൂപയുടെ ഡിമാൻഡ് ഡ്രാഫ്റ്റ് സഹിതം **30.01.2018** ചൊവ്വാഴ്ച വൈകുന്നേരം **5** മണിക്ക് മുൻപ് ലഭിക്കത്തക്ക വിധത്തിൽ തപാൽ മാർഗം അയയ്കേണ്ടതാണ്. ക്വട്ടേഷനുകൾ അടക്കം ചെയ്യുന്ന കവറിനു മുകളിൽ 'പഴയ സാധന സാമഗ്രികൾ വിലയ്ടുക്കുന്നതിനുള്ള ക്വട്ടേഷൻ' എന്നെഴുതി അസിസ്റ്റന്റ് എഞ്ചിനീയർ, ഹെഡ്ക്വാർട്ടേർസ് സെക്ഷൻ, കേരള സർവകലാശാല, തിരുവനന്തപുരം എന്ന വിലാസത്തിലാണ് അയയ്കേണ്ടത്. ക്വട്ടേഷനുകൾ യാതൊരു കാരണവശാലും നേരിട്ട് സ്വീകരിക്കുന്നതല്ല. അപൂർണ്ണമായതും നിരത ദ്രവ്യം അടക്കം ചെയ്യാത്തതുമായ ക്വട്ടേഷനുകൾ നിരുപാധികം നിരസിക്കുന്നതാണ്.

ക്വട്ടേഷനുകൾ ലേല നടപടികൾക്ക് ശേഷം ഹാജരായവരുടെ സാന്നിധ്യത്തിൽ തുറക്കുന്നതും ഏറ്റവും കൂടിയ തുകയ്ക്ക് ലേലം/ക്വട്ടേഷൻ നല്കുന്നയാൾക്ക് രജിസ്ട്രാരുടെ അനുമധിക്ക് വിധേയമായി സ്ഥിരപ്പെടുത്തി നൽകുന്നതായിരിക്കും. ഒന്നും രണ്ടും സ്ഥാനക്കാരുടെത് ഒഴികെ ബാക്കിയുള്ളവരുടെ നിരതദ്രവ്യം ലേലത്തിനു ശേഷം മാറ്റി നൽകുന്നതാണ്. ലേലം/ക്വട്ടേഷൻ സ്ഥിരപ്പെടുത്തി കിട്ടുന്നയാൾ മുഴുവൻ തുകയും നിയമാനുസരണമുള്ള എല്ലാ നികുതികളും ചേർത്ത് മൂന്നു പ്രവൃത്തി ദിവസങ്ങൾക്കുള്ളിൽ തുക സർവകലാശാല കാഷ് കൌണ്ടറിൽ അടയ്ക്കേണ്ടതും സാധന സാമഗ്രികൾ സർവകലാശാല ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ സ്വന്തം ചെലവിലും ഉത്തരവാദിത്തത്തിലും നീക്കം ചെയ്യേണ്ടതുമാണ്. ലേലത്തിലും ക്വട്ടേഷനിലും പങ്കെടുക്കുന്ന ആളുകൾ സാധന സാമഗ്രികൾ മുൻകൂട്ടി പരിശോധിച്ച് ബോധ്യപെടെണ്ടാതാണ്. ലേലത്തിനു ശേഷം ഗുണനിലവാരം , അളവുകൾ എന്നിവ സംബന്ധിച്ച് യാതൊരു വിധ പരാതികളും സ്വീകരിക്കുന്നതല്ല.

ലേല സംബധമായി സംസ്ഥാനത്തും സർവകലാശാലയിലും നിലവിലുള്ള എല്ലാ നിയമങ്ങളും ഈ ലേലത്തിനു ബാധകമായിരിക്കും .

യാതൊരു കാരണവും കൂടാതെ ക്വട്ടെഷനുകൾ നിരസിക്കുന്നതിനുള്ള അവകാശം താഴെ ഒപ്പിട്ടിരിക്കുന്ന ഉദ്യോഗസ്ഥനില് നിക്ഷിപ്തമായിരിക്കും.

തിരുവനന്തപുരം

അസിസ്റ്റന്റ് എഞ്ചിനീയർ